# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1687 12.06.2019 -ലെ മറുപടിയ്ക്ക്

**<u>സർവ്വകലാശാലകളിലെ മനുഷ്യവിഭവശേഷിയുടെ വിനിയോഗം</u>**

*ചോദ്യം*

ശ്രീ.വി.ഡി.സതീശൻ

*ഉത്തരം*

**ശ്രീ.കെ.ടി.ജലീൽ**

**(ഉന്നതവിദ്യാഭ്യാസവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | രാജ്യത്തെ മികച്ച സർവ്വകലാശാലകളുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പട്ടികയിൽ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവിലെ സ്ഥാനം എത്രയാണെന്ന് അറിയിക്കാമോ; | (എ) | National Institutional Ranking Framework [NIRF] റാങ്ക് ചെയ്ത രാജ്യത്തെ മികച്ച 100 സർവ്വകലാശാലകളിൽ കേരളത്തിലെ 4 സർവ്വകലാശാലകൾ ഉൾപ്പെട്ടിട്ടുണ്ട്. കേരള സർവ്വകലാശാല - 22-ാം സ്ഥാനം, മഹാത്മാഗാന്ധി സർവ്വകലാശാല - 30-ാം സ്ഥാനം, കാലിക്കട്ട് സർവ്വകലാശാല - 64-ാം സ്ഥാനം, കുസാറ്റ് - 65-ാം സ്ഥാനം എന്നിവയാണ് NIRF റാങ്കിൽ മികച്ച നൂറ് സർവ്വകലാശാലകളുടെ ലിസ്റ്റിൽ ഉൾപ്പെട്ട സംസ്ഥാനത്തെ യൂണിവേഴ്സിറ്റികൾ. |
| (ബി) | സർവ്വകലാശാലകളിലെ മനുഷ്യ വിഭവ ശേഷി ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിന് നിലവിൽ സാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. |

.......2

| | | | |
|---|---|---|---|
| (സി) | പരീക്ഷാ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ മെല്ലെപ്പോക്ക് പതിവാക്കിയ സംസ്ഥാനത്തെ സർവ്വകലാശാലകൾ ഇക്കാര്യത്തിൽ മാറ്റം വരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രൊ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.പി.വി.സി.മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നു. സർക്കാരിന്റെയും കൗൺസിലിന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്കും ഇടപെടലുകൾക്കും അനുസൃതമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാഫലപ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. |
| (ഡി) | മാർച്ച് - ഏപ്രിൽ മാസങ്ങളിൽ നടന്ന അവസാന സെമസ്റ്റർ ബിരുദ പരീക്ഷയുടെ ഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിന് എം.ജി. സർവ്വകലാശാലയ്ക്ക് സാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സർവ്വകലാശാല ഇക്കാര്യത്തിൽ കാണിച്ച ശുഷ്കാന്തി മറ്റ് സർവ്വകലാശാലകളും പിൻതുടരുവാൻ നിർദ്ദേശം നൽകുമോയെന്ന് അറിയിക്കാമോ? | (ഡി) | ഈ വർഷം ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ്. എസ്.ബി.എ./ബി.എസ്.സി/ബി.കോം മുതലായ യു.ജി.കോഴ്സ് പരീക്ഷകളുടെ ഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കുവാൻ എം.ജി. സർവ്വകലാശാലയ്ക്ക് സാധിച്ചു. പരീക്ഷാഫലം യഥാസമയം പ്രസിദ്ധീകരിക്കുന്നതിന് എല്ലാ സർവ്വകലാശാലകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ